(ബി&സി) അനധികൃത ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'ഉൾനാടൻ ജലയാന ചട്ടങ്ങൾ 2010' (KIV Rules 2010) 15-9-2010-ൽ നിലവിൽ വന്നു. ഈ ചട്ടങ്ങളുടെ നിർവ്വഹണ അധികാരിയായി ഉറമുഖ വകുപ്പിനെയും ഉറമുഖ ഡയറക്ടറെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലയാനങ്ങളുടെ സുരക്ഷാ പരിശോധനകൾ, രജിസ്ട്രേഷൻ വാർഷിക സർവ്വേ എന്നിവയ്ക്കായി 6 കേന്ദ്രങ്ങൾ സജ്ജമാക്കി. ജലയാനങ്ങളിലെ ജീവനക്കാർക്ക് പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മാരിടൈം ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുകയും ഈ സെന്ററുകൾവഴി ഏകദേശം 10000-ത്തോളം ജീവനക്കാർക്ക് സുരക്ഷാ പരിശീലനം നൽകുകയും ചെയ്തു. ജലയാനങ്ങളുടെ സുരക്ഷാ പരിശോധന നടത്തുന്നതിനായി ചീഫ് സർവ്വെയർ, സർവ്വെയർമാർ എന്നിവരെ നിയമിക്കുകയും അവരുടെ മേൽനോട്ടത്തിൽ കൃത്യമായ സുരക്ഷാ പരിശോധനകളും സർവ്വെകളും നടത്തിവരികയും ചെയ്യുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തുന്ന ജലയാനങ്ങളുടെ സഞ്ചാര യോഗ്യതാ സർട്ടിഫിക്കറ്റ് മരവിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തു വരുന്നു.

ജലവിമാന സർവ്വീസ് പദ്ധതി

226 (2436) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളെ ബന്ധപ്പെടുത്താനും അതുമുഖേന വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ് നൽകാനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്ടേഴ്സ് ലിമിറ്റഡ് നടത്തിയ സാധ്യതാ പഠന റിപ്പോർട്ടനുസരിച്ചാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

സീ-പ്ലെയിൻ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നിർവ്വഹിക്കുന്നത്. കേന്ദ്ര സർക്കാർ എജൻസികളായ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.) മുതലായവയിൽ നിന്നും അനുമതി ലഭിക്കുന്ന സ്വകാര്യ ഓപ്പറേറ്റർമാർക്ക് 'ഓപ്പൺ സ്കൈ പോളിസി' പ്രകാരം സർവ്വീസ് നടത്താവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉല്പന്നം അവതരിപ്പിക്കുന്നതിനുംവേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പദ്ധതി റിപ്പോർട്ട് പ്രകാരം അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ എന്നീ കേന്ദ്രങ്ങൾ മുൻഗണനാ പ്രദേശങ്ങളായി പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരികയാണ്. ഇവയിൽ കൊല്ലത്ത് അഷ്ടമുടി, ആലപ്പുഴയിൽ പുന്നമട എന്നീ ജലാശയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാണ്. ഇവയും കേരളത്തിലെ മറ്റ് വിമാനത്താവളങ്ങളുമായി ബന്ധിപ്പിച്ച് ജലവിമാന സർവ്വീസ് നടത്താവുന്നതാണ്. ഇവ കൂടാതെ അതാത് പ്രദേശങ്ങളിൽ ഹ്രസ്വദൂര വിനോദയാത്ര 'ജോയ്റൈഡ്' നടത്താവുന്നതാണ്.

(ഡി) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2-6-2013-ന് കൊല്ലം അഷ്ടമുടിയിൽ നടന്നു. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവയ്ക്കുകയാണ് ഉണ്ടായത്.

മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, സീപ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 26-6-2015-ലെ GO(MS) No. 188/2015/TSM നമ്പറായ ഉത്തരവ് പ്രകാരം ഓപ്പറേറ്റർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നേരത്തെ പ്രഖ്യാപിച്ചിരുന്ന ഏർളി ബേർഡ് ഇൻസെന്റീവുകൾക്ക് പുറമെ മറ്റു ചില ആനുകൂല്യങ്ങൾ കൂടി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പൂർണ്ണതോതിലുള്ള ജലവിമാന സർവ്വീസ് ഉടനെ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

താനൂർ ഒട്ടുമ്പും ടൂറിസം പദ്ധതി

227 (2437) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഒട്ടുമ്പും ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) എത്ര തുകയാണ് ഈ പദ്ധതിക്കായി വിനിയോഗിക്കുന്നത് ;

(സി) ഏത് ഏജൻസിയെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് ;

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പുരോഗമിച്ചുവരുന്നു.

(ബി) 1,39,50,000 (ഒരു കോടി മുപ്പത്തിഒൻപത് ലക്ഷത്തി അൻപതി നായിരം) രൂപ.

(സി) ഡി.റ്റി.പി.സി. മലപ്പുറം.

(ഡി) 2015 ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly